**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **28-07-2021 - ൽ മറുപടിയ്ക്ക്**

**സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരകാര്യ വകുപ്പിൽ നിലവിലുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുമോ; പ്രസ്തുത ലിസ്റ്റ് 2021 മേയ് മാസം വരെയുള്ള റിട്ടയർമെന്റിനും പ്രമോഷനും ശേഷവും പുതുക്കിയിറക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | നഗരസഭകളിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | 2021 ആഗസ്റ്റ് മുതൽ 2022 മെയ് വരെ പ്രസ്തുത വകുപ്പിൽ റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ ഗ്രേഡ്-1 &2 , ഡെപ്യൂട്ടി സെക്രട്ടറി, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിന്നുമുള്ള റിട്ടയർമെന്റ് ഒഴിവുകളും മറ്റൊഴിവുകളും എത്രയെന്നു ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഒഴിവ് വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പിനെ പൊതു സർവ്വീസാക്കി മാറ്റുന്നതിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധിക്ക് കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 07.07.2020ൽ സ.ഉ.(കൈ)നം, 106/2020/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റേയും കരട് വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പിന്റെ 19.07.2010ലെ 11884/ആർ1/17/പി&എആർഡി നമ്പർ സർക്കുലർ (Simplified prcocedure for framing special Rules) പ്രകാരം നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട് എന്നതല്ലാതെ പ്രത്യേകിച്ച് പ്രതിസന്ധികളൊന്നും നിലവിലില്ല.. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## നഗരസഭകളിൽ 2021 ആഗസ്റ്റ് മുതൽ 2022 മെയ് വരെ റിട്ടയർമെന്റ് മുഖേനയുണ്ടാകുന്ന ഒഴിവുകൾ

| ക്രമ നം | ജില്ല | ഡെപ്യൂട്ടി സെക്രട്ടറി | പി.എ/ആർ.ഒ/ സി.എസ്/എ.ഒ | റവന്യൂ ഓഫീസർ ഗ്രേഡ്-2 | സൂപ്രണ്ട് | ഹെഡ് ക്ലർക്ക്/ റവന്യൂ ഇൻസ്പെക്ടർ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 1 | 0 | 1 | 0 |
| 2 | കൊല്ലം | 1 | 3 | 0 | 1 | 1 |
| 3 | പത്തനംതിട്ട | 0 | 1 | 0 | 3 | 0 |
| 4 | ആലപ്പുഴ | 0 | 0 | 0 | 0 | 0 |
| 5 | കോട്ടയം | 0 | 1 | 0 | 0 | 1 |
| 6 | ഇടുക്കി | 0 | 0 | 0 | 0 | 0 |
| 7 | എറണാകുളം | 0 | 1 | 0 | 0 | 1 |
| 8 | തൃശ്ശൂർ | 0 | 1 | 0 | 3 | 1 |
| 9 | പാലക്കാട് | 0 | 0 | 0 | 2 | 1 |
| 10 | മലപ്പുറം | 0 | 0 | 0 | 1 | 1 |
| 11 | കോഴിക്കോട് | 1 | 1 | 0 | 1 | 1 |
| 12 | വയനാട് | 0 | 0 | 0 | 1 | 0 |
| 13 | കണ്ണൂർ | 1 | 1 | 0 | 2 | 1 |
| 14 | കാസർഗോഡ് | 0 | 0 | 0 | 0 | 1 |
| | ആകെ | 3 | 10 | 0 | 15 | 9 |

* പി.എ. - പേഴ്സണൽ അസിസ്റ്റന്റ് ടു സെക്രട്ടറി

* ആർ.ഒ. - റവന്യൂ ഓഫീസർ

* സി.എസ്. - കൗൺസിൽ സെക്രട്ടറി

* എ.ഒ. - അക്കൗണ്ട്സ് ഓഫീസർ

സെക്ഷൻ ഓഫീസർ